"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - 2025-26 സാമ്പത്തികവർഷം സാമൂഹ്യനീതിവകുപ്പ് മുഖേന നടപ്പിലാക്കുന്ന നേർവഴി പദ്ധതിക്കായി തുക ചെലഴിക്കുന്നതിന് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.113/2025/SJD തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:-
1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.03.2025-ലെ എസ്.ജെ.ഡി/670/2025-സീ1 നമ്പർ കത്ത്.
2. 22.04.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

**<u>ഉത്തരവ്</u>**

1. പ്രൊബേഷൻ ശക്തീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2025-26 സാമ്പത്തികവർഷം 2235-02-106-93(പി) ശീർഷകത്തിൽ 2,75,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രധാന സാമൂഹ്യ പ്രതിരോധ നിയമമായ Probation of Offenders Act, 1958 കൂടുതൽ കാര്യക്ഷമമായും ആധുനികീകരിച്ചും നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച 'നേർവഴി' പദ്ധതി 2017 മുതൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നുണ്ട്. കുറ്റാരോപിതരെ പ്രൊബേഷൻ സംവിധാനംമുഖേന മാനസികവും സാമൂഹികവുമായി പരിവർത്തനംചെയ്ത് വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പ്രവണത കുറച്ച് സമൂഹത്തിനു പ്രയോജനപ്പെടുന്ന പൌരന്മാരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നേർവഴി പദ്ധതിക്കായി 1,75,00,000/- (ഒരു കോടിഎഴുപത്തി അഞ്ചു ലക്ഷംരൂപ മാത്രം) മേൽ ശീർഷകത്തിൽനിന്ന് ചെലഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സാമൂഹ്യനീതി ഡയറക്ടർ പരാമർശം 1 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. പരാമർശം 2 പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും ലഹരിയുപയോഗത്തിൽ ആസക്തരായിരിക്കുന്ന യുവാക്കളെ അതിൽനിന്ന് മോചിതരാക്കുകയെന്ന ലക്ഷ്യം കേന്ദ്രീകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന നിബന്ധനയോടുകൂടി അംഗീകരിക്കുകയുംചെയ്തു. കൂടാതെ, പ്രൊബേഷൻ ഓഫീസർമാർമുഖേന അത്തരത്തിലുള്ള 50 പേരെയെങ്കിലും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടിസ്വീകരിച്ച് റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർ സർക്കാരിൽ സമർപ്പിക്കാനും നിർദ്ദേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രൊബേഷൻ ശക്തീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2235-02-106-93(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 275 ലക്ഷം രൂപയിൽനിന്ന് നേർവഴി പദ്ധതിക്കായി 1,75,00,000/- (ഒരു കോടി എഴുപത്തിയഞ്ചുലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ലഹരിയുപയോഗത്തിൽ ആസക്തരായിരിക്കുന്ന യുവാക്കളെ അതിൽനിന്ന് മോചിതരാക്കുകയെന്ന ലക്ഷ്യം കേന്ദ്രീകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതും പ്രൊബേഷൻ ഓഫീസർമുഖേന അത്തരത്തിലുള്ള 50 പേരെയെങ്കിലും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ് ) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 21-05-2025 10:52:21